| പതിമൂന്നാം കേരള നിയമസഭ | | | |
|---|---|---|---|
| പതിനാലാം സമ്മേളനം | | | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5158 | | 27.07.2015-ൽ മറുപടിക്ക് | |
| **വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ നോൺ വൊക്കേഷണൽ ഇംഗ്ലീഷ് ടീച്ചർ നിയമനം** | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.വി.പി. സജീന്ദ്രൻ | | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ കെ.എസ് ആന്റ് എസ്.എസ്.ആർ 9 a (i) പ്രകാരം എത്ര മിനിസ്റ്റീരിയൽ സ്റ്റാഫ് താല്ക്കാലിക അധ്യാപകരായി ജോലി നോക്കുന്നുണ്ട്; പ്രസ്തുത താല്ക്കാലിക അധ്യാപകരെ തിരികെ യു.ഡി ക്ലർക്കുമാരായി റിവേർട്ട് ചെയ്യാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ; | (എ) | വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ കെ.എസ് ആന്റ് എസ്.എസ്.ആർ റൂൾ 9 a (i) പ്രകാരം 31 മിനിസ്റ്റീരിയൽ ജീവനക്കാർ അധ്യാപകരായി ജോലി നോക്കുന്നു. വർഷങ്ങളായി അധ്യാപക തസ്തികയിൽ തുടർന്നു വരുന്ന തങ്ങളുടെ സേവനം അധ്യാപക തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്ന മിനിസ്റ്റീരിയൽ ജീവനക്കാരുടെ ആവശ്യം സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ബി) | പ്രസ്തുത താൽക്കാലിക അധ്യാപകരെ റിവേർട്ട് ചെയ്ത് നിലവിലുള്ള പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും നോൺ വൊക്കേഷണൽ ഇംഗ്ലീഷ് ടീച്ചർ തസ്തികയിൽ നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | ഇക്കാര്യം പരിശോധനയിലാണ്. |
| (സി) | പ്രസ്തുത താൽക്കാലിക അധ്യാപകർക്ക് നോൺ വൊക്കേഷണൽ ടീച്ചർ ഇംഗ്ലീഷ് ജൂനിയറിൽ നിന്നും സീനിയർ ആയുള്ള പ്രൊമോഷൻ തടഞ്ഞിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത | (സി) | ഇല്ല. താൽക്കാലിക അധ്യാപകർക്ക് പ്രൊമോഷൻ നൽകുന്ന കാര്യം പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| | പ്രൊമോഷൻ നടത്തി ഉണ്ടാവുന്ന ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | | |
| (ഡി) | വൊക്കേഷണൽ ഹയർ സെക്കണ്ടറിയിലെ പ്രസ്തുത പ്രൊമോഷൻ, നമ്പർ ഇ 4/15124/2013 തീയതി, 6/3/15 ഗസറ്റ് നമ്പർ: 14, വാല്യം IV പ്രകാരം 7/4/15 – ൽ ഗസറ്റ് വിജ്ഞാപനം ചെയ്തിട്ടും നാളിതുവരെയും പ്രൊമോഷൻ നടത്തിയിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ? പ്രസ്തുത പ്രൊമോഷൻ നടപടികൾ ത്വരിതപ്പെടുത്തുമോ? | (ഡി) | ഉണ്ട്. റൂൾ 9 a (i) പ്രകാരം അധ്യാപകരായി ജോലി നോക്കുന്ന മിനിസ്റ്റീരിയൽ ജീവനക്കാരെ റിവർട്ട് ചെയ്യണമോയെന്ന വിഷയത്തിൽ അന്തിമ തീരുമാനമായിട്ടില്ല. ഇക്കാര്യം പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ